# കേരള പബ്ളിക് സർവീസ് കമ്മീഷൻ

## ഒ.എം.ആർ.പരീക്ഷയുടെ പ്രൊവിഷണൽ ഉത്തര സൂചിക സംബന്ധിച്ച പരാതി – പുതുക്കിയ നിർദ്ദേശങ്ങൾ

2017 മെയ് മാസം ഒന്നാം തീയതി മുതൽ, കെ.പി.എസ്.സി. നടത്തുന്ന ഒ.എം.ആർ. പരീക്ഷകളുടെ താത്ക്കാലിക ഉത്തരസൂചിക സംബന്ധിച്ച പരാതി സ്വീകരിക്കുന്ന സംവിധാനത്തിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തുന്നു. നിലവിൽ, ഓൺലൈൻ പരീക്ഷകളുടെ ഉത്തര സൂചികകളുടെ പരാതി സമർപ്പിക്കുന്നതുപോലെ തന്നെ 01.05.2017 മുതലുള്ള ഒ.എം.ആർ. പരീക്ഷകൾക്കും ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിൽ കൂടി മാത്രമെ പരാതികൾ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ. ഒ.എം.ആർ. പരീക്ഷയുടെ 'A' Code-ലുള്ള ചോദ്യപേപ്പറും അതിന്റെ ഉത്തരസൂചികയുമാണ് കെ.പി.എസ്.സി. പ്രസിദ്ധീകരിക്കുന്നത്. ഇവ പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 5 ദിവസം വരെ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈലിലുള്ള "Answer Key Complaint” എന്ന ലിങ്ക് മുഖേന ഓൺലൈനായി പരാതികൾ സമർപ്പിക്കാം. നേരിട്ടോ, തപാലിലോ ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതല്ല.

എൻ.നാരായണശർമ്മ<br>
പരീക്ഷാ കൺട്രോളർ<br>
കേരള പബ്ളിക് സർവീസ് കമ്മീഷൻ